സംസ്ഥാന ഓപ്പൺ സ്കൂളിലെ കരാർ, ദിവസക്കൂലി നിയമനങ്ങൾക്ക് സ്വീകരിച്ച നടപടി

56 (2060) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.സി.ഇ.ആർ.ടി.യുടെ കീഴിൽ കേരള സംസ്ഥാന ഓപ്പൺ സ്കൂളിലെ കരാർ, ദിവസക്കൂലി നിയമനങ്ങൾക്ക് സ്വീകരിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ; ഈ നിയമനങ്ങൾക്ക് സംവരണ തത്വങ്ങൾ പാലിച്ചിട്ടുണ്ടോ ; ഈ ജീവനക്കാരുടെ ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഓപ്പൺ സ്കൂളിൽ 8 വർഷത്തിൽ കൂടുതൽ സർവ്വീസുള്ള എത്ര ദിവസക്കൂലി, കരാർ ജീവനക്കാർ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) എസ്.സി.ഇ.ആർ.ടി. യിലോ ഓപ്പൺ സ്കൂളിലോ സ്ഥിരം നിയമനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ ജീവനക്കാരുടെ പേരും തസ്തികയും ശമ്പളവും നിയമനത്തിന് സ്വീകരിച്ച നടപടിക്രമങ്ങളും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ പത്രമാധ്യമങ്ങളിലൂടെ വിജ്ഞാപനം ചെയ്ത് അപേക്ഷകൾ ക്ഷണിച്ച് യോഗ്യരായ അപേക്ഷകരെ സെലക്ഷൻ ബോർഡ് ഇന്റർവ്യു നടത്തി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ദിവസവേതന വ്യവസ്ഥയിൽ നിയമനങ്ങൾ നടത്തിയിട്ടുള്ളത്. ദിവസവേതന വ്യവസ്ഥയിലായതിനാൽ സംവരണ മാനദണ്ഡം പാലിച്ചിട്ടില്ല. പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി 31-3-2010-ൽ അവസാനിച്ചശേഷം വന്നിട്ടുള്ള ഒഴിവുകൾ വിജ്ഞാപനം ചെയ്ത് ലഭിച്ചിട്ടുള്ള അപേക്ഷകരിൽ നിന്നും യോഗ്യരായവരെ പ്രത്യേക ഇന്റർവ്യൂ ബോർഡ് ഇന്റർവ്യൂ നടത്തി തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത്. ജീവനക്കാരുടെ ജാതി തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുക്കുന്നു. *

(ബി) ഓപ്പൺ സ്കൂളിൽ 8 വർഷത്തിൽ കൂടുതൽ തുടർച്ചയായി സർവ്വീസുള്ള കരാർ/ദിവസവേതന ജീവനക്കാർ ആരുംതന്നെ ഇല്ല എന്നാൽ, വിവിധ ഘട്ടങ്ങളിലായി വിവിധ തസ്തികകളിൽ 8 വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുള്ള 9 ജീവനക്കാർ ഉണ്ട്.

(സി) ഓപ്പൺ സ്കൂളിൽ സ്ഥിരം നിയമനം നടത്തിയിട്ടില്ല. എസ്.സി.ഇ.ആർ.ടി.യിൽ 7 റിസർച്ച് ഓഫീസർമാരെയും 1 ലൈബ്രേറിയനെയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

നിയമിച്ചിട്ടുണ്ട്. ജീവനക്കാരുടെ പേരും തസ്തികയും ശമ്പളവും ചുവടെ ചേർക്കുന്നു :

നമ്പർ	പേര്	തസ്തിക	ശമ്പളം (രൂപ)
1	ആൻസി വർഗ്ഗീസ്	റിസർച്ച് ഓഫീസർ	32556
2	ചിത്രാമാധവൻ	റിസർച്ച് ഓഫീസർ	31671
3	ഡോ. മീന. എസ്	റിസർച്ച് ഓഫീസർ	31671
4	ജയലക്ഷ്മി. എസ്	റിസർച്ച് ഓഫീസർ	33171
5	ശോഭാ ജേക്കബ്	റിസർച്ച് ഓഫീസർ	33171
6	കേരള ശ്രീമതി	റിസർച്ച് ഓഫീസർ	32434
7	സഹായദാസ്	റിസർച്ച് ഓഫീസർ	30934
8	ലളിത. എം	ലൈബ്രേറിയൻ	33171

പത്രമാധ്യമങ്ങളിൽ ഒഴിവ് പരസ്യപ്പെടുത്തി ഇന്റർവ്യൂ നടത്തി യോഗ്യതയുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത്.

കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളിലെ കരാർ, ദിവസക്കൂലി നിയമനങ്ങൾക്ക് സ്വീകരിച്ച നടപടി

57 (2061) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളിലെ കരാർ, ദിവസക്കൂലി നിയമനങ്ങൾക്ക് സ്വീകരിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ; പ്രസ്തുത നിയമനങ്ങൾക്ക് സംവരണതത്വങ്ങൾ പാലിച്ചിട്ടുണ്ടോ ; ഈ ജീവനക്കാരുടെ ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഓപ്പൺ സ്കൂളിൽ 9 വർഷത്തിനുമേൽ സർവ്വീസുള്ള എത്ര ദിവസക്കൂലി, കരാർ ജീവനക്കാരുണ്ട് ;

(സി) എസ്. സി. ഇ. ആർ. ടി. യിലോ, ഓപ്പൺ സ്കൂളിലോ സ്ഥിരം നിയമനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ ജീവനക്കാരുടെ പേരും തസ്തികയും ശമ്പളവും നിയമനത്തിന് സ്വീകരിച്ച നടപടിക്രമങ്ങളും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly